പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *52 — 02. 12. 2014 ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണ പ്രചാരണം

**ചോദ്യം**

ശ്രീ. കെ.മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, വി.ഡി.സതീശൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് വിശദമാക്കാമോ | (എ) (ബി) & (സി) | കെ.എസ്.ഇ.ബി ഊർജ്ജസംരക്ഷണ പ്രചാരണത്തിന് താഴെ പറയുന്ന വിവിധ പ്രചാരണ പരിപാടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>• പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന പ്രചാരണം<br>• മലയാള മനോരമയുമായി സഹകരിച്ച് സംഘടിപ്പിച്ച ഊർജ്ജസംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ട-തെങ്ങനെ എന്ന കാര്യങ്ങൾ വിവരിക്കുന്ന ഊർജ്ജച്ചെപ്പ് എന്ന കൈപ്പുസ്തക വിതരണം<br>• ടി.വി, ആകാശ വാണി, എഫ്.എം ചാനലുകൾ എന്നിവയിൽ പ്രമുഖ സിനിമാ താരങ്ങളെ പങ്കെടുപ്പിച്ച്-കൊണ്ടുള്ള ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ<br>• കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ ഊർജ്ജസംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന പ്രദർശന വസ്തുക്കൾ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുക.<br>• സോഷ്യൽ മീഡിയയായ ഫേസ് ബുക്ക് വഴിയുള്ള ഊർജ്ജസംരക്ഷണ പ്രചാരണം<br>• ഊർജസംരക്ഷണം ദിനചര്യയാക്കാൻ പ്രേരിപ്പിക്കുന്ന 'ലാഭപ്രഭ 2014' പരിപാടി<br>• [illegible] സ്കൂൾ വിദ്യാർത്ഥികളെ |
| (ബി) | പ്രചാരണത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഊർജ്ജ സംരക്ഷണത്തിന് എല്ലാ ഉപഭോക്താക്കളെയും ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ | | |

| | | | |
|---|---|---|---|
| | | | പങ്കെടുപ്പിച്ചുകൊണ്ടും റസിഡൻസ് അസോസിയേഷനുകൾ എൻ.സി.സി, എൻ.എസ്. എസ്, പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെ ഉള്ള ഊർജസംരക്ഷണ പരിപാടികൾ<br>• ഊർജസംരക്ഷണ പരിപാടികൾ വിജയിപ്പിക്കുവാനായി നടപ്പിലാക്കിയ സമ്മാന പദ്ധതികൾ<br>• ഊർജസംരക്ഷണ പ്രവർത്തനത്തിനായി കെ.എസ്.ഇ.ബി യുടെ 'എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം' (ESCOT) രൂപികരണം<br>• 'എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം' (ESCOT) വഴി വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമതയും, പ്രവർത്തന രീതിയും മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കുക, ഉല്പാദന, പ്രസരണ മേഖലകളിൽ വൈദ്യുതി നഷ്ടം പരമാവധി കുറയ്ക്കുവാൻ കെ.എസ്.ഇ.ബിഎൽ നെ പ്രാപ്തമാക്കുക<br>• എൽ .ഇ. ഡി . ബൾബുകൾ കൂടുതലായി ഉപയോഗിക്കുവാനുള്ള അവബോധം ഉണ്ടാക്കുക<br>• എനർജി ആഡിറ്റിംഗ്<br>• വീടുകളിലെ വൈദ്യുതി ഉപകരണങ്ങളുടെ ഊർജസംരക്ഷണത്തെ സംബന്ധിക്കുന്ന ലഘുലേഖ വിതരണം മുതലായ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br>കൂടാതെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (BEE) DISCOMs കളിലെ കപ്പാസിറ്റി ബിൽഡിംഗ് പദ്ധതിയിലും കേരള സംസ്ഥാന വൈദ്യുത ബോർഡ് അംഗമാണ്. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങൾക്കുമായി സംസ്ഥാന വൈദ്യുതി ബോർഡ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിൽ DSM (ഡിമാന്റ് സൈഡ് മാനേജ്മെന്റ്) സെല്ലുകൾ രൂപീകരിക്കുകയും ദേശീയ |

| | | | |
|---|---|---|---|
| | | | പ്രാധാന്യമുള്ള ദിവസങ്ങളിൽ ക്യാമ്പയ്യുകൾ നടത്തി വരുകയും ചെയ്യുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പുകൾക്കായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് KSEB 7 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തി-യിട്ടുണ്ട്. ഡിമാന്റ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ